**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാംപദ്ധതി ജനകീയാസൂത്രണം – സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ – പരിഷ്കാരങ്ങളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(എം.എസ്.) നമ്പർ. 199/2008/തസ്വഭവ തിരുവനന്തപുരം, തീയതി: 11.07.2008

പരാമർശം:
1. 24.07.2007–ലെ സ.ഉ.(എം.എസ്)183/2007/തസ്വഭവ നമ്പർ ഉത്തരവ്
2. 04.10.2007–ലെ സ.ഉ.(സാധാ) 2712/2007/തസ്വഭവ നമ്പർ ഉത്തരവ്
3. 15.10.2007–ലെ 58022/ഡി.എ.1/2007/തസ്വഭവ നമ്പർ സർക്കുലർ
4. 18.10.2007–ലെ 61522/ഡി.എ1/2007/തസ്വഭവ നമ്പർ സർക്കുലർ
5. 16.01.2008–ലെ സ.ഉ. (എം.എസ്) 17/2008/തസ്വഭവ നമ്പർ ഉത്തരവ്
6. 06.02.2008–ലെ സ.ഉ. (എം.എസ്) 34/2008/തസ്വഭവ നമ്പർ ഉത്തരവ്
7. 08.02.2008–ലെ 60365/ഡി.എ1/2007/തസ്വഭവ നമ്പർ സർക്കുലർ
8. 11.02.2008–ലെ സ.ഉ.(എം.എസ്)39/2008/തസ്വഭവ നമ്പർ ഉത്തരവ്
9. 13.03.2008–ലെ സ.ഉ.(എം.എസ്) 73/2008/തസ്വഭവ നമ്പർ ഉത്തരവ്
10. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 30.06.2008–ലെ യോഗതീരുമാനങ്ങൾ

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ചിരുന്നു. ആ മാർഗ്ഗരേഖയ്ക്ക് മുകളിൽ 2 മുതൽ 9 വരെ പരാമർശിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും മുഖേന ചില പരിഷ്കാരങ്ങളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പതിനൊന്നാം പദ്ധതിയുടെ ശേഷിക്കുന്ന കാലയളവിലും തുടരുന്നതാണ്. അതോടൊപ്പം അടിസ്ഥാന മാർഗ്ഗരേഖയ്ക്ക് ചുവടെ വിവരിക്കുന്ന കൂട്ടിച്ചേർക്കലുകളും പരിഷ്കാരങ്ങളും കൂടി അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

**1. കൃഷി**

*(1) ജൈവകീടനാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികൾ*

ഈ വിഭാഗത്തിൽ കുമ്മായം കൂടി ഉൾപ്പെടുത്താവുന്നതും നാമമാത്ര കർഷകർക്ക് മാത്രം 50% സബ്സിഡിയോടെ അനുവദിക്കാവുന്നതുമാണ്.

*(2)വിത്തുകളും തൈകളും*

പച്ചക്കറി വിത്തുകളും തൈകളും ഉൾപ്പെടെ എല്ലാ വിത്തുകളും തൈകളും ചെറുകിട–നാമമാത്ര കർഷകർക്ക് 100 ശതമാനം സബ്സിഡിയോടെ അനുവദിക്കാവുന്നതാണ്.

*(3) വിത്ത്, വളം, കീടനാശിനികൾ മുതലായ ഉത്പാദനോപാധികളും പമ്പ്സെറ്റുകൾ, സ്പ്രെയറുകൾ തുടങ്ങിയ കാർഷികോപകരണങ്ങളും ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്ത്–മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങളും*

പാട്ടകൃഷി നടത്തുന്ന കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് കൂടി ഇവ പൊതുവിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക് പ്രകാരം അനുവദിക്കാവുന്നതാണ്.

(4) *റിവോൾവിംഗ് ഫണ്ട്*

(i) കർഷക ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് പുറമെ കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് കൂടി അനുവദിക്കാവുന്നതാണ്.

(ii) റിവോൾവിംഗ് ഫണ്ട് ഒറ്റത്തവണ മാത്രമേ നൽകാൻ പാടുള്ളൂ. റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പ്രത്യേകം സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

(5) *നെൽകൃഷി*

വിള ഇൻഷ്വറൻസ് പ്രീമിയം, കൃഷി ചെലവ് എന്നിവ ഉൾപ്പെടെ കർഷകർക്ക് ഒരു ഹെക്ടറിന് പരമാവധി 2500 രൂപ ധനസഹായം അനുവദിക്കാവുന്നതാണ്. വിള ഇൻഷ്വറൻസ് സ്കീമിന്റെ പ്രീമിയം തുക 25 : 75 എന്ന അനുപാതത്തിൽ കൃഷി വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി വഹിക്കേണ്ടതാണ്. ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**2. മൃഗസംരക്ഷണം**

(1) പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ ഖണ്ഡിക 2.3 II (1)-ൽ പ്രതിപാദിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പരിഷ്കരിക്കുന്നു.

- *ദാരിദ്ര്യരേഖയ്ക്ക്* താഴെയുള്ളവർക്ക് സബ്സിഡി – യൂണിറ്റ് കോസ്റ്റിന്റെ 50%
- മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര കർഷകർക്ക് സബ്സിഡി – യൂണിറ്റ് കോസ്റ്റിന്റെ 33 1/3 %
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം.
- യൂണിറ്റ്കോസ്റ്റ് ജില്ലാതല ടി.എ.ജി നിശ്ചയിക്കണം
- യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 20,000 രൂപ.
- പശു, എരുമ തുടങ്ങിയ വലിയ ഇനം മൃഗങ്ങളെ സംസ്ഥാനത്തിന് പുറത്തു നിന്നുമാത്രമേ വാങ്ങാൻ പാടുള്ളൂ. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളിൽ നിന്നും അവരാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്തൃസമിതി രൂപീകരിച്ച് പ്രസ്തുത സമിതി മുഖേന മൃഗങ്ങളെ വിലയ്ക്ക് വാങ്ങേണ്ടതാണ്.
- മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര കർഷകർക്ക് തീറ്റപ്പുൽ വിത്തുകൾ/നടീൽ വസ്തുക്കൾ സൗജന്യമായി അനുവദിക്കാവുന്നതാണ്.

**(2) പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (SLBP)**

ഒരു യൂണിറ്റിന്റെ നിരക്ക് സംസ്ഥാന വിഹിതം 3750 രൂപ, തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം 3750 രൂപ, ഗുണഭോക്തൃ വിഹിതം 7500 എന്ന നിരക്കിൽ പുതുക്കി നിശ്ചയിക്കുന്നു.

**3. മണ്ണ് സംരക്ഷണം**

നീർത്തട വികസന പദ്ധതിയുടെ ഭാഗമായി ഒറ്റത്തവണത്തെ ഭൂവികസന പ്രവർത്തനങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പ്രകാരം ഏറ്റെടുക്കാമെന്നുള്ളതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ മണ്ണ് സംരക്ഷണ പ്രവൃത്തികൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ല.

**4. മത്സ്യകൃഷി**

(1) പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ ഖണ്ഡിക 2.3 IV–ൽ പ്രതിപാദിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പരിഷ്കരിക്കുന്നു.

**(എ) സമുദ്ര മേഖല**

| *ക്രമ നം* | *ഇനം* | *സബ്സിഡിയുടെ കൂടിയ പരിധി* | *സബ്സിഡി മാനദണ്ഡങ്ങൾ* | *അർഹത* |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 1 | ചിപ്പി ശേഖരിക്കുന്നതിനുള്ള ഡിങ്കി | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ. | ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി |

| ക്രമ നം | ഇനം | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 2 | ഗിൽനെറ്റും ഡിങ്കിയും | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ. | ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി |
| 3 | കട്ടമരം | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ | ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി |
| 4 | മത്സ്യബന്ധന വള്ളത്തിന് കടൽ സുരക്ഷാ ഉപകരണം (ഒരു വള്ളത്തിന്) | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | (1) യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കണം (2) മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം | (1) ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി (2) വള്ളം സ്വന്തമായി ഉണ്ടായിരിക്കണം |
| 5 | മത്സ്യബന്ധനത്തിനുള്ള വല | വലയുടെ വിലയോ 2500 രൂപയോ ഏതാണോ കുറവ് അത് (ഒരു വ്യക്തിക്ക്) | (1) മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം (2) മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്നും വാങ്ങണം | വള്ളം സ്വന്തമായുള്ള ബി.പി.എൽ കുടുംബത്തിലെ മത്സ്യതൊഴിലാളികളും ഗ്രൂപ്പുകളും |
| 6 | ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവ ഉൾപ്പെടെ ഡിങ്കി | യൂണിറ്റ് കോസ്റ്റിന്റെ 25 ശതമാനം | (1) പരമാവധി വില 1,75,000 രൂപ (2) വായ്പാ ബന്ധിത പ്രോജക്ട് ആയിരിക്കണം (3) ബാക്ക് എൻഡ് സബ്സിഡി ആയി ബന്ധപ്പെട്ട ബാങ്കിന് നൽകണം (4) ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം | (1) 5–7 അംഗങ്ങൾ ഉള്ള ഗ്രൂപ്പ് (2) ബി.പി.എൽ കുടുംബത്തിലെ അംഗങ്ങളായിരിക്കണം |

**(ബി) ഉൾനാടൻ മേഖല**

| ക്രമ നം | ഇനം | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 1 | അലങ്കാരമത്സ്യം വളർത്തലും വിപണനവും, അക്വേറിയം രൂപകൽപന മുതലായവ | (1) വ്യക്തികൾക്ക്– ചെലവിന്റെ 50 ശതമാനം പരമാവധി 10,000 രൂപ (2) അഞ്ച് അംഗങ്ങളിൽ കുറയാതെയുള്ള ഗ്രൂപ്പിന് ചെലവിന്റെ 50 ശതമാനം പരമാവധി 50,000 രൂപ | യൂണിറ്റ് കോസ്റ്റ് ഡി.എൽ.ടി.എ.ജി നിശ്ചയിക്കണം | നാമമാത്ര മത്സ്യകർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |

| ക്രമ നം | ഇനം | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 2 | മത്സ്യം വളർത്തുന്നതിനുള്ള ഉത്പാദനോപാധികൾ | 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 30,000 രൂപ | നാമമാത്ര മത്സ്യ കർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ. |
| 3 | ചിപ്പി കൃഷി | ചെലവിന്റെ 50 ശതമാനം പരമാവധി 10,000 രൂപ | (1) 25 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ് കോസ്റ്റ് 10,000 രൂപ.<br>(2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | നാമമാത്ര മത്സ്യ കർഷകർ /കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |
| 4 | കടൽ മുരിങ്ങകൃഷി | ചെലവിന്റെ 50 ശതമാനം പരമാവധി 10,000 രൂപ | (1) 25 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ് കോസ്റ്റ് 10,000 രൂപ<br>(2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | നാമമാത്ര മത്സ്യകർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |
| 5 | ഞണ്ട് കൃഷി | 50 ശതമാനം പരമാവധി 10,000 രൂപ | പരമാവധി യൂണിറ്റ്കോസ്റ്റ് ഒരു ഹെക്ടറിന് 60,000 രൂപ | (1) നാമമാത്ര മത്സ്യകർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ<br>(2) വ്യക്തികൾക്ക് മാത്രം |
| 6 | സംയോജിത മത്സ്യ കൃഷി | യൂണിറ്റ് കോസ്റ്റിന്റെ 20% പരമാവധി 15,000 രൂപ | (1) യൂണിറ്റ് കോസ്റ്റിന്റെ പരിധി–80,000 രൂപ<br>(2) വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം | കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |

(2) മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കൽ (ഒരു ഹെക്ടറിന് 1500 മത്സ്യ കുഞ്ഞുങ്ങൾ), സാമൂഹിക മത്സ്യ കൃഷി (ഒരു ഹെക്ടറിന് 3000 മത്സ്യകുഞ്ഞുങ്ങൾ) എന്നീ പോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(3) മത്സ്യവിപണന വാഹനം–ഗ്രൂപ്പുകൾക്ക്, മത്സ്യമേഖലയിൽ മൂല്യവർദ്ധന സംരഭങ്ങൾ, സാങ്കേതിക യോഗ്യതയുള്ള യുവാക്കളുടെ സംരംഭങ്ങൾ (മത്സ്യബന്ധന സാമഗ്രികൾ, ഔട്ട് ബോർഡ് എഞ്ചിനുകളുടെ സ്പെയർ പാർട്ടുകൾ മുതലായവയുടെ വിപണനം), വിദ്യാസമ്പന്നരായ യുവാക്കളുടെ സമുദ്രതീര വിനോദ സഞ്ചാര സംരംഭങ്ങൾ (തുഴയൽ വള്ളങ്ങൾ, മത്സ്യവിഭവ വിൽപന ശാലകൾ മുതലായവ), വലനെയ്ത്ത് യൂണിറ്റുകൾ (കൈതൊഴിൽ) എന്നീ പ്രോജക്ടുകൾ സ്വയംതൊഴിൽ സംരംഭങ്ങളുടെ മാതൃകയിൽ അതിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(4) കുളം നിർമ്മാണം/നവീകരണം/വൃത്തിയാക്കൽ എന്നിവ പൂർണ്ണമായും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നതാണ്.

**5. വീട് നിർമ്മാണം, വീടുകളുടെ ഗുണമേന്മ വർദ്ധന (shelter upgradation), അറ്റകുറ്റപ്പണി മുതലായവ**

*(1) വീട്*

*(i)* നിലവിലുള്ള നിരക്കുകൾക്ക് മാറ്റമില്ല.

*(ii)* പൊതുവിഭാഗം ആശ്രയ ഗുണഭോക്താക്കൾക്ക് 75,000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്.

*(iii)* തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ധനസഹായം വിനിയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് ആസ്ബസ്റ്റോസ് മേൽക്കൂര പാടില്ല.

*(iv)* ഇന്ദിരാ ആവാസ് യോജന ഉൾപ്പെടെ ഒന്നിലേറെ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തമായി നടപ്പാക്കുന്ന ഭവന പ്രോജക്ടുകൾക്ക് വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി സബ്സിഡി തുക അനുവദിക്കണം.

*(v)* സംയോജിത ഭവന–ചേരി വികസന പരിപാടി (IHSDP), നഗരങ്ങളിലെ ദരിദ്രർക്ക് അടിസ്ഥാന സേവനങ്ങൾ (BSUP) എന്നീ പരിപാടികൾ നടപ്പാക്കുന്ന പ്രദേശങ്ങളിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധന സഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 60 ചതുരശ്ര മീറ്ററായി പുതുക്കി നിശ്ചയിക്കുന്നു.

*(2) വീടുകളുടെ ഗുണമേന്മ വർദ്ധന*

സബ്സിഡി നിരക്കിന്റെ പരിധി 15,000 രൂപയായി പുതുക്കി നിശ്ചയിക്കുന്നു.

*(3) ലക്ഷം വീടിന്റെ പുതുക്കിപ്പണി/മെയിന്റനൻസ്*

ലക്ഷം വീടിന്റെ നവീകരണ പരിപാടി ഭവന നിർമ്മാണ വകുപ്പ് ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ സബ്സിഡി അനുവദിക്കാൻ പാടില്ല.

*(4) വീട് വയറിംഗ്*

സബ്സിഡി നിരക്കിന്റെ പരിധി 2000 രൂപയായി പുതുക്കി നിശ്ചയിക്കുന്നു.

**6. ബയോഗ്യാസ് പ്ലാന്റുകൾ**

പരാമർശം എട്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ്സ്, സ്പെസിഫിക്കേഷൻസ്, യൂണിറ്റ് കോസ്റ്റ് എന്നിവ അനുസരിച്ച് നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് ഗാർഹിക തലത്തിൽ അനുവദിക്കാവുന്ന സബ്സിഡിയുടെ പരിധി ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

*(തുക രൂപയിൽ)*

| *വിഭാഗം* | *പ്ലാന്റിന്റെ ശേഷി* | | |
|---|---|---|---|
| | ***0.5 ക്യൂബിക് മീറ്റർ (പ്രതിദിനം 2.5 കി.ഗ്രാം ഖരമാലിന്യം)*** | ***ഒരു ക്യൂബിക് മീറ്റർ(പ്രതിദിനം 7.5 കി.ഗ്രാം ഖരമാലിന്യം)*** | ***രണ്ട് മുതൽ പത്ത് വരെ ക്യൂബിക് മീറ്റർ (പ്രതിദിനം 10 കി.ഗ്രാം മുതൽ 80 കി.ഗ്രാം വരെ ഖരമാലിന്യം)*** |
| 1) ദാരിദ്ര്യരേഖയ്ക്ക് താഴെ യുള്ള പട്ടിക ജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ | 1500 | 2800 | 3500 |
| 2) മറ്റുള്ളവർ (ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർ ഉൾപ്പെടെ) | 1500 | 2100 | 2700 |

**7. സാമ്പത്തിക വികസന പരിപാടികൾ**

*(1) സ്വയംതൊഴിലിന് ആസ്തികൾ*

(i) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് മാറ്റമില്ല.

(ii) എസി.ജി.എസ്.വൈ/എസ്.ജെ.എസ്.ആർ.വൈ സ്വയം സഹായ സംഘങ്ങളുടെയും കുടുബശ്രീ യൂണിറ്റുകളുടെയും വ്യക്തിഗത/ഗ്രൂപ്പ് സംരഭങ്ങൾക്ക് കേരള സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വായ്പയും സ്വീകരിക്കാവുന്നതാണ്.

*(2) ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ*

സബ്സിഡി നിരക്കുകളുടെ പിരിധി, പൊതുവിഭാഗം/പട്ടികജാതിക്കാർക്ക് 15,000 രൂപയായും പട്ടിക വർഗ്ഗക്കാർക്ക് 30,000 രൂപയായും പുതുക്കി നിശ്ചയിക്കുന്നു.

**8. വിവാഹ ധനസഹായം**

(1) പട്ടികജാതി വനിതകൾക്ക് അനുവദിക്കാവുന്ന ധനസഹായത്തിന്റെ നിരക്കിന് (5,000 രൂപ) മാറ്റമില്ല. പട്ടികവർഗ്ഗ വനിതകൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് 10,000 രൂപ അനുവദിക്കുന്നതിനാൽ വികേന്ദ്രീകൃതാസൂത്ര പദ്ധതിയിലും ആ നിരക്ക് ബാധകമാക്കി ഏകീകരിക്കുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പ് ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും മുഖേനയാണ് പ്രസ്തുത പരിപാടി നടപ്പാക്കുന്നത്. അതിനാൽ വകുപ്പ് അനുവദിക്കുന്ന വിഹിതം തികയാതെ വരുന്ന സന്ദർഭത്തിൽ മാത്രമേ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും ഈ പരിപാടിക്ക് തുക വകയിരുത്താൻ പാടുള്ളൂ.

(2) മിശ്രവിവാഹിതരുടെയും (intercast marriage), വ്യത്യസ്ത മതത്തിൽപ്പെട്ടവർ വിവാഹം കഴിക്കുകയാണെങ്കിൽ (inter religion marriage) അവരുടെയും വിവാഹത്തിന് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും 5000 രൂപ ധനസഹായം അനുവദിക്കാവുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമേ ധനസഹായം അനുവദിക്കാൻ പാടുള്ളൂ.

**9. മറ്റുള്ളവ**

*(1) പദ്ധതി ആസൂത്രണ, മോണിട്ടറിംഗ് ചെലവുകൾ*

2008–09 വാർഷിക പദ്ധതി രണ്ട് ഘട്ടങ്ങളിലായി തയ്യാറാക്കൽ, പഞ്ചവൽസര പദ്ധതി തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തിയാക്കേണ്ടതുള്ളതിനാൽ പദ്ധതി ആസൂത്രണത്തിന് കഴിഞ്ഞ വർഷം നിശ്ചയിച്ച അതേ പരിധിയും മാനദണ്ഡങ്ങളും തന്നെ നടപ്പ് വർഷത്തേക്കും നിശ്ചയിക്കുന്നു. പദ്ധതി മോണിട്ടറിംഗ് ചെലവുകളുടെ പരിധിക്കും മാറ്റമില്ല.

*(2) പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക*

മുകൾതട്ട് തദ്ദേശഭരണ സ്ഥാപനങ്ങളായ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രമേ കുറഞ്ഞ അടങ്കൽ തുക ബാധകമാക്കുന്നുള്ളൂ. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കുറഞ്ഞ അടങ്കൽ തുക നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശം മാർഗരേഖയിൽ നിന്നും ഒഴിവാക്കുന്നു. ജില്ലാ പഞ്ചായത്തുകളുടെ കുറഞ്ഞ അടങ്കൽ തുക 10 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകളുടെ കുറഞ്ഞ അടങ്കൽ തുക 5 ലക്ഷം രൂപയും ആയിരിക്കും. എന്നാൽ മുൻപ് തുടങ്ങിയ പ്രോജക്ടുകൾ പൂർത്തീകരിക്കുക, കമ്മീഷൻ ചെയ്യുക, വരൾച്ച/വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ എന്നിവ നേരിടുക മുതലായ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിലും അടിയന്തിര ഘട്ടങ്ങളിലും നിശ്ചിത തുകയിൽ കുറവ് അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ, പുതുക്കിപണിയൽ, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്കും സാമഗ്രികൾ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകൾക്ക് കുറഞ്ഞ പരിധി ബാധകമല്ല.

*(3) മറ്റിനങ്ങൾ*

ചുവടെ ചേർത്തിട്ടുള്ള നിർദ്ദശങ്ങൾ പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ച മാർഗരേഖയുടെ ഖണ്ഡിക 6.21–ൽ നിന്നും ഒഴിവാക്കുന്നു.

(a) വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രോജക്ടുകൾ രാജീവ് ഗാന്ധി വൈദ്യുതീകരണ യോജന (RGGVY)/സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ.

(b) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ പരിപാടിയുമായി സംയോജിപ്പിച്ചു മാത്രമെ വ്യക്തിഗതമോ സാമൂഹികമോ ആയ ജൈവ വാതക പ്ലാന്റുകൾ സ്ഥാപിക്കേണ്ടതുള്ളൂ.

ഗവർണറുടെ ഉത്തരവിവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. കാർഷികോൽപ്പാദന കമ്മീഷണർ
9. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പ്
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ
12. ഗ്രാമവികസന കമ്മീഷണർ
13. ഡയറക്ടർ, കൃഷി വകുപ്പ്
14. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
15. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
16. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
17. ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്
18. നഗരകാര്യ ഡയറക്ടർ
19. മുഖ്യ നഗരാസൂത്രകൻ
20. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
21. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
22. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
23. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
24. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
25. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ) മാർക്കും
26. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
27. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
28. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
29. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
30. ജനകീയാസൂത്രണ കോഓർഡിനേറ്റർമാർക്ക്
31. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
32. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
33. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
34. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
35. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ

36. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
37. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
38. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ